(ബി) പുരാവസ്തു വകുപ്പും പുരാരേഖാവകുപ്പും ഇതുസംബന്ധിച്ച് പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 2004 ഡിസംബർ 22-ന് സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ സ്വാതന്ത്ര്യസമര സേനാനികളുടെ ഒരു സംഗമവും അപൂർവ്വ ചരിത്ര രേഖകളുടെ പ്രദർശനവും പുരാരേഖാവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.

(സി) തിരുവനന്തപുരത്ത് സ്വാതന്ത്ര്യ സമരചരിത്ര മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് സൂചിപ്പിച്ചിരുന്നു.

(ഡി) ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പരിശോധിക്കാവുന്നതാണ്.

ജവഹർ ബാലഭവൻ പ്രവർത്തനത്തെക്കുറിച്ചുള്ള നീലകണ്ഠൻ കമ്മിറ്റി റിപ്പോർട്ട്

150 [3204] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർ ബാലഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് പഠനം നടത്തുവാൻ നിയോഗിച്ചിരുന്ന നീലകണ്ഠൻ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടികൾക്ക് യൂത്ത്ഫെസ്റ്റിവലുകളിൽ പങ്കെടുക്കുവാൻ പര്യാപ്തമായ പരിശീലനം നൽകുന്നതിനുതകുന്ന വിധത്തിൽ സിലബസ് ഏകീകരിച്ച് ബാലഭവന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുക, പ്രഗത്ഭരെക്കൊണ്ട് ബാലഭവന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക, നിലവിലുള്ള ബാലഭവനുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു അപെക്സ് ബോഡി രൂപീകരിക്കുക കുട്ടികൾ പഠിക്കുന്ന സ്കൂളിലെത്തി കലാപരിശീലനം നൽകുന്നതിനുള്ള മൊബൈൽ യൂണിറ്റുകൾ പ്രാവർത്തികമാക്കുക, കുട്ടികൾക്ക് ലൈറ്റ് റിഫ്രഷ്മെന്റ് നൽകുക, ബാലഭവന്റെ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുക, ത്രിതല പഞ്ചായത്തുകളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുക തുടങ്ങിയവയാണ്.

ശമ്പള പരിഷ്കരണം 1-1-2000 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly